വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ ടെർമിനൽ തുടങ്ങുന്നതിനുള്ള കേന്ദ്രാനുമതി

138 (204) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ ടെർമിനൽ തുടങ്ങുന്നതിന് കേന്ദ്രാനുമതി എന്നാണ് ലഭിച്ചത് ;

(ബി) കേന്ദ്രാനുമതി ലഭിച്ചശേഷം ഈ പദ്ധതി തുടങ്ങുന്നതിന് നാളിതുവരെ എന്തെല്ലാം ചെയ്തു ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം ;

(ഡി) അവ തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് ?

ഉത്തരം

(എ) നേരത്തെയുള്ള ടെണ്ടർ നടപടികൾ റദ്ദാക്കിയതിനെ തുടർന്ന് വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ ടെർമിനൽ തുടങ്ങുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായി കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള പാരിസ്ഥിതിക പഠനം പൂർത്തിയാക്കി റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ച ശേഷമേ ടെർമിനൽ തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാവുകയുള്ളൂ.

(ബി) ബാധകമല്ല.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുന്നിൽ യാതൊരു ബുദ്ധിമുട്ടും തടസ്സവും ഇപ്പോഴില്ല.

(ഡി) ബാധകമല്ല.

വിഴിഞ്ഞം തുറമുഖ പദ്ധതി

139 (205) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങാൻ സർക്കാർ എന്നാണ് തീരുമാനിച്ചത് ; തീയതി സഹിതം വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ട് ; സ്ഥലമെടുപ്പ് പൂർത്തിയായോ ; ഏതൊക്കെ പഞ്ചായത്തിൽ എത്ര ഏക്കർ സ്ഥലം വീതം ഏറ്റെടുത്തിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം സർവ്വേ നമ്പർ സഹിതം വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിക്കായി നാളിതുവരെ വിവിധ ഇനങ്ങളിലായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഇനം തിരിച്ച് തീയതി സഹിതം വിശദമാക്കുമോ ;

(എഫ്) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം 2011-ൽ ആരംഭിച്ച് 2014-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്ന Land Lord Model തുറമുഖ പദ്ധതി 2009 നവംബറിൽ ആണ് തുടങ്ങാൻ തീരുമാനിച്ചത്.

(സി) തുറമുഖത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, ആവശ്യമായ സ്ഥലം ഏറ്റെടുക്കുക തുടങ്ങിയ പ്രാഥമിക കാര്യങ്ങൾ ഈ സർക്കാർ ചെയ്ത കാര്യങ്ങളാണ്.

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി വിഴിഞ്ഞം വില്ലേജിൽ നിന്നും 17-12-2010 വരെ 8.68 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. ഇതുവരെ ഏറ്റെടുത്ത ഭൂമിയുടെ സർവ്വെ നമ്പർ, ഉടമയുടെ പേര്, Extent, വില എന്നിവയടങ്ങിയ ലിസ്റ്റ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ഇ) നാളിതുവരെ സ്ഥലം ഏറ്റെടുപ്പിനായി 15.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (നവംബർ 2010) നാളിതുവരെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(എഫ്) തുറമുഖ പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പോർട്ട് ഓപ്പറേറ്ററെ നിശ്ചയിക്കുന്നതിനുള്ള യോഗ്യതാ നിർണ്ണയ നടപടികൾ പുരോഗമിച്ചുവരുന്നു. അടിസ്ഥാന സൗകര്യ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു. പരിസ്ഥിതി ക്ലിയറൻസിനുവേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിനായി കാത്തിരിക്കുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

140 (206) ശ്രീ. ജോർജ് മേഴ്സിയർ :

ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി സർക്കാർ നേരിട്ട് നടത്തുമെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly